# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4350** 26/**06/2014** ൽ മറുപടിക്ക്

**ഏകാധ്യാപക വിദ്യാലയങ്ങളെ പ്രൈമറി സ്കൂളുകളായി ഉയർത്തൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" കെ. മുരളീധരൻ<br>" കെ. ശിവദാസൻ നായർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഏകാധ്യാപകവിദ്യാലയങ്ങളെ പ്രൈമറി സ്കൂളുകളാക്കുക വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ലോവർ പ്രൈമറി സ്കൂളുകൾ ഉണ്ടായിരിക്കണം. ഈ ആവശ്യം മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എത്തിപ്പെടാൻ കഴിയാത്ത ചില തീരദേശങ്ങളിലും വനപ്രദേശങ്ങളിലും നിലവിൽ പ്രവർത്തിക്കുന്ന ബദൽ/ഏകാധ്യാപക വിദ്യാലയങ്ങളെ നിബന്ധനകൾക്ക് വിധേയമായി ലോവർ പ്രൈമറി സ്കൂളുകളാക്കി മാറ്റുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പിന്നോക്ക മേഖലയിലുള്ള വിദ്യാർത്ഥികൾക്കും ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ചുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം<br><br>മുഖ്യധാരാ വിദ്യാലയങ്ങളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വഴി പഠനനിലവാരമുയർത്തുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സമഗ്രവും സമ്പൂർണവുമായ വ്യക്തി വികാസത്തിനും ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്ക് കഴിയുന്നു. |
| ബി) ഇതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) എസ്.എസ്.എയുടെ 2014/15 വർഷത്തെ വാർഷിക പദ്ധതിയിൽ പുതിയ പത്ത് സ്കൂളുകളുടെ നിർമ്മാണത്തിന് 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങളാണ് ഇപ്രകാരം പ്രൈമറി സ്കൂളുകളാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സി) | സർക്കാർ ഉത്തരവ് (എം.എസ്) നം.44/14/പൊ.വി.വ തീയതി 1.3.2014 പ്രകാരം 111 ഏകാധ്യാപക വിദ്യാലയങ്ങളെ പ്രൈമറി സ്കൂളായി ഉയർത്തി ഉത്തരവായിട്ടുണ്ട്. ഇത്തരം സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ